**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 329** **05-08-2021 - ൽ മറുപടിയ്ക്ക്**

**വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. നജീബ് കാന്തപുരം | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിൽ കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ വ്യവസ്ഥകൾ നിലനിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും ഏതെങ്കിലും നിലനിൽക്കുന്നു ണ്ടെങ്കിൽ ആയത് പഠനം നടത്തി 3 മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കു ന്നതിനായി 26.07.2021ലെ സർക്കാർ ഉത്തരവ് പ്രകാരം ഡോ. കെ. സി. സണ്ണി, വൈസ്ചാൻസലർ, നാഷണൽ യുണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, ചെയർമാനായും, മുൻ നിയമ സെക്രട്ടറിയും നിയമപരിഷ്കാര കമ്മീഷൻ വൈസ്-ചെയർമാനുമായ ശ്രീ. കെ. ശശിധരൻ നായർ മെമ്പറായും ശ്രീ. റ്റി. നന്ദകുമാർ ഐ.എ.എസ്(റിട്ട.) മുൻ ഗവൺമെന്റ് സെക്രട്ടറി പ്രത്യേക ക്ഷണിതാവായും 3 അംഗ വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായ നടത്തിപ്പ് സംബന്ധിച്ച് വിവിധ വ്യവസായ അസോസിയേഷനുകളുമായും മറ്റ് വ്യവസായ ഘടകങ്ങളുമായും കൂടിയാലോചനകൾ നടത്തി പ്രസക്തമായ എല്ലാ നിയമങ്ങളും ചട്ടങ്ങളും സൂക്ഷ്മ വിശകലനം നടത്തി 3 മാസത്തിനകം ശിപാർശ സമർപ്പിക്കുന്നതിന് പ്രസ്തുത സമിതിയെ ചുമതല പ്പെടുത്തിയിരിക്കുന്നു. |
| (ബി) | എങ്കിൽ പ്രസ്തുത നിയമങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) | സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും ഏതെങ്കിലും നിലനിൽക്കുന്നു ണ്ടെങ്കിൽ ആയത് പഠനം നടത്തി 3 മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കു ന്നതിനായി 26.07.2021ലെ സർക്കാർ ഉത്തരവ് പ്രകാരം ഡോ. കെ. സി. സണ്ണി, വൈസ്ചാൻസലർ, നാഷണൽ യുണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, ചെയർമാനായും, മുൻ നിയമ സെക്രട്ടറിയും നിയമപരിഷ്കാര കമ്മീഷൻ വൈസ്-ചെയർമാനുമായ ശ്രീ. കെ. ശശിധരൻ |

| | | | |
|---|---|---|---|
| | | | നായർ മെമ്പറായും ശ്രീ. റ്റി. നന്ദകുമാർ ഐ.എ.എസ്(റിട്ട.) മുൻ ഗവൺമെന്റ് സെക്രട്ടറി പ്രത്യേക ക്ഷണിതാവായും 3 അംഗ വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായ നടത്തിപ്പ് സംബന്ധിച്ച് വിവിധ വ്യവസായ അസോസിയേഷനുകളുമായും മറ്റ് വ്യവസായ ഘടകങ്ങളുമായും കൂടിയാലോചനകൾ നടത്തി പ്രസക്തമായ എല്ലാ നിയമങ്ങളും ചട്ടങ്ങളും സൂക്ഷ്മ വിശകലനം നടത്തി 3 മാസത്തിനകം ശിപാർശ സമർപ്പിക്കുന്നതിന് പ്രസ്തുത സമിതിയെ ചുമതല പ്പെടുത്തിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ